KOTTAYAM PUBLIC LIBRARY

Call No. MA.10 Acc. No. 12839

Author [illegible]

Title [illegible]

12839

# എന്റെ അച്ഛൻ

# എന്റെ അച്ഛൻ

12839

ഡാക്ടർ രാഘവൻ, കുഴിത്തുറ.

പ്രകാശകൻ,
ഡാക്ടർ പ്രഭാകരൻ, ഡി. ഐ. എം.,
എസ്. വി. വി. എം. നഴ്സിംഗ് ഹോം,
കുഴിത്തുറ, ക്ലാപ്പന.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ഒന്നാംപതിപ്പ് കോപ്പി ആയിരം.

ആയിരത്തിത്തൊള്ളായിരത്തി അമ്പത്തേഴ്.

MA10

അച്ചടി:
"വിജ്ഞാനപോഷിണി" പ്രസ്സ്,
കൊല്ലം.

പകർപ്പവകാശം.

മുഖചിത്രം:—ആർട്ടിസ്റ്റ് വി. എം. ബാലൻ.

വില—ഒരുരൂപ്പിക.

# സമർപ്പണം

എൻെറ അച്ഛൻ ശ്രീ വാസുവൈദ്യൻ

അവർകളുടെ അകാലചരമത്തിൽ

ഇന്നും ദുഃഖിക്കുന്ന, അച്ഛൻെറ

സുഹൃത്തുക്കളായ എൻെറ

ഗുരുജനങ്ങൾക്ക്.

★

## ഗ്രന്ഥകാരന്റെ ഇതരകൃതികൾ

മുള്ളും പൂവും

പൂവും പൂമ്പാററയും (അച്ചടിയിൽ)

1957

# വായനക്കാരോട്:—

ഉദ്ദേശം ഒരുകൊല്ലത്തോളമായി ഈ കൊച്ചുകാവ്യം എഴുതിക്കഴിഞ്ഞിട്ട്. ഇതൊന്നു വെട്ടത്തിറക്കുവാൻ ഇതിനിടയിൽ പലപ്പോഴുമൊരുങ്ങീട്ടുണ്ട്. യഥാർഹമായ പ്രകാശനത്തിന്ന് ഇപ്പോൾ മാത്രമാണവസരം കിട്ടിയതു്.

ദുഃഖത്തിന്റെ അനുഭവം സാധാരണ രണ്ടുവിധമായിരിക്കും പ്രവൎത്തിക്കുക. ഹൃദയത്തിന്റെ ഉപരിതലത്തെ മാത്രം സ്പർശിക്കുന്നതൊരുവിധം. രണ്ടാമത്തേതു ഹൃദയത്തിന്റെ അടിത്തട്ടോളമിറങ്ങിച്ചെല്ലുന്നതും. ആദ്യം പറഞ്ഞ അനുഭവത്തിന്റെ പ്രവൎത്തനം കേവലം നൈമിഷികമായിരിക്കും. അതു് അല്പനേരത്തേയ്ക്കു ഹൃദയത്തിന്റെ മുകൾപ്പരപ്പിൽ ഏതാനും കുഞ്ഞലകളെ കിക്കിളികൂട്ടി നില്ക്കും. അനന്തരനിമിഷം കാലത്തിന്റെ അജയ്യമായ സംഹാരശക്തിയിൽ അമൎന്നു മായുകയുംചെയ്യും. ഇങ്ങനെയൊന്നുമല്ല രണ്ടാമത്തേതിന്റെ സ്വഭാവം. ആ കൊടുങ്കാററിൽ ഹൃദയമൊന്നടക്കമിളകിമറിയും; പൊള്ളുന്ന വികാരങ്ങൾകൊണ്ടു നിറയും. ഈ അന്തഃസ്തോഭം വിവേകത്തിന്റെ അടിയുറച്ച അണക്കെട്ടിൽ അടങ്ങിനില്ക്കുമെങ്കിലും അതിന്റേതായ പ്രവൎത്തനശക്തി ഓൎമ്മയിൽ ഉറവെടുത്തുകൊണ്ടു് കാലസീമയെ കടന്നുപോകും. അത്തരം ഒരാഘാതത്തിന്റെ അനുഭവം എനിക്കും നേരിടേണ്ടിവന്നു. ഇപ്പോഴെങ്ങുമല്ല, ഏറെനാൾ മുമ്പ്. അതു മറെറാന്നുമല്ല. എന്റെ അഭിവന്ദ്യപിതാവിന്റെ അകാലചരമം.

ആ അത്യാഹിതം അനുഭവിച്ചിട്ട് ഇന്നേയ്ക്കു്. ഇരുപത്തിയഞ്ചു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഓൎക്കാപ്പുറത്തുണ്ടായ ആ അത്യുൽക്കടമായ ദുഃഖസംഭവത്തിനു സാക്ഷി നില്ക്കുന്നതു് കൊല്ലവൎഷം ആയിരത്തിഒരുനൂററിയേഴ്

ധനുമാസം ഇരുപത്തൊന്നാണ്. എൻെറ ജീവിതത്തിൽ മായ്ച്ചാലുംമായാത്ത മഷികൊണ്ട് രേഖപ്പെട്ടുത്തിയ ശോകസങ്കുലമായ ഒരു ദിവസമാണന്ന്. ഇങ്ങനെ അകാലത്തിൽ ആകസ്മികമായി ഹൃദയത്തിൽ പോറലുണ്ടാക്കുന്ന ഒരു തീരാദുഃഖത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് കളിച്ചും പഠിച്ചും നടന്നിരുന്ന ഞാൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. അച്ഛനാണെങ്കിലോ, അഴകും ആരോഗ്യവും ആശ്ലേഷിച്ചുകൊണ്ടിരുന്ന അവസരം; ചെറുപ്പം. മൂന്നേമൂന്നുദിവസത്തെ രോഗം. അധികദിവസം ദീനപ്പായിൽകിടന്നു നരകിച്ചില്ല; ശുശ്രൂഷിച്ചു ബന്ധുക്കൾ മുഷിഞ്ഞില്ല; കടമയുടേയും സ്നേഹത്തിൻേറയും കൎത്തവ്യഭാരമിറക്കിവച്ചു സമാശ്വസിക്കുവാനും ആൎക്കും അവസരം ലഭിച്ചില്ല. അങ്ങനെ അവിചാരിതമായി ദുൎവ്വിധി എൻെറ അച്ഛനെ അപഹരിച്ചുകളഞ്ഞു. അതൊരശനിപാതമായിരുന്നു. ഇന്നും അച്ഛൻെറ കഥകൾ—ചികിത്സാക്രമങ്ങൾ, രോഗികളോടും മററുള്ളവരോടും ഉള്ള സ്നേഹഭരിതവും ഫലിതമയവും ദയാപൂൎവ്വവുമായ സമീപനവിധങ്ങൾ—പറയുമ്പോൾ അച്ഛൻെറ സുഹൃത്തുക്കളുടേയും എൻേറയും കണ്ണുകൾ നിറയാറുണ്ട്.

അന്നു ഞാനാണെങ്കിൽ വെറുമൊരു കൊച്ചൻ. തൻേറടംവയ്ക്കാത്ത ഒരു പതിനേഴകാരൻ. നേരിട്ടിരിക്കുന്നതോ, അത്യുഗ്രമായ പിതൃദുഃഖം. സത്യംപറയാമല്ലോ, എനിക്കിന്നുമതോൎക്കുമ്പോൾ പൊട്ടിക്കരയാൻ തോന്നും; നിരുദ്ധകണ്ഠനാകും; കൺപീലികൾ നനയും. എൻെറ ഇച്ഛകൾക്കെല്ലാമൊത്തുനിന്ന് എന്നെ വാത്സല്യത്തിൻെറ കുളൎമ്മയിൽ പൊതിഞ്ഞോമനിച്ചു വളൎത്തിയ പ്രിയംനിറഞ്ഞ പിതാവ്—എൻെറ കാണപ്പെട്ട ദൈവം—കൺമുമ്പിൽ മരിച്ചുകിടക്കുകയാണ്. ഞാനെന്തുചെയ്യും? എങ്ങ

നെയടങ്ങും? കുറെയേറെക്കരഞ്ഞു; നിലവിളിച്ചു; പ്രായത്തിനൊത്തവണ്ണം എന്തൊക്കെയോ ചെയ്തു. അങ്ങനെ കഴിഞ്ഞു ആ ദയനീയരംഗം. മാസങ്ങളും ആണ്ടുകളും പിന്നെയും പലതു കടന്നുപോയി. എന്നാൽ എന്റെ മനോവ്യഥ ഒന്നിനൊന്നേറിവന്നതേയുള്ളു. കാലത്തിന്റെ കഴിവിനേയും അതിജീവിച്ചുകൊണ്ട് ആ തീവ്രവേദന നീറിപ്പിടിച്ചു നീളുകയായി. ദിവസം കഴിയുംതോറും അതു ഹൃദയത്തിനു താങ്ങാനാവാത്ത ഭാരത്തിന്റെ അനുഭവമുണ്ടാക്കി. വികാരങ്ങളുടെ ചൂടുപിടിച്ച കോളിളക്കം എന്നെ തികഞ്ഞ പൊറുതികേടിന്റെ അഗ്രഭൂവിലെത്തിച്ചെന്നു പറഞ്ഞാലെല്ലാമായി. ഒടുക്കം ഞാൻ തീരുമാനിച്ചു, ഇതെല്ലാമൊന്നു പകർത്തിവച്ചു ഹൃദയഭാരമൊഴിവാക്കാൻ. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് പിതൃദുഃഖജന്യമായ എന്റെ വികാരപരമ്പരകൾക്കു പൊതുവിലൊരു പൂർണ്ണരൂപംകൊടുക്കുവാൻ ശ്രമിച്ചുനോക്കി. അതിന്റെ ഫലമാണ് "എന്റെ അച്ഛൻ."

പുതുമയും പഴമയും പോരിട്ടുനില്ക്കുന്ന ഇന്നത്തെ മലയാളസാഹിത്യത്തിൽ ഈ ലഘുകാവ്യത്തിന് ഏതൊരു സ്ഥാനമനുവദിക്കപ്പെട്ടുമെന്നു കണ്ടേയറിയാവൂ. പക്ഷേ, എനിക്കൊരുകാര്യം ഉറപ്പിച്ചു പറയാൻ സാധിക്കും. ആത്മാർത്ഥതയിൽനിന്നും ഉടലെടുക്കുന്ന കലാസൃഷ്ടി അനശ്വരമായിരിക്കും; ശാശ്വതമൂല്യമുള്ളതായിരിക്കും. ആനുകാലികമായ ചേരിതിരിവിന്റെ കാട്ടിക്കൂട്ടലൊന്നും അതിനു ബാധകമല്ലതന്നെ. ഇതിൽ കുറവുകൾ പലതും കണ്ടേക്കാം. അല്പമെങ്കിലും വിജയിച്ചുവെങ്കിൽ എന്റെ ശ്രമം സഫലമായി; ഞാൻ കൃതകൃത്യനായി. ഈ കൊച്ചുവിലാപകാവ്യം എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് നിർമ്മത്സരബുദ്ധികളായ സഹൃദയന്മാർ വിധിക്കട്ടെ!!

ബഹുമുഖമായ ജോലിത്തിരക്കുകൾക്കിടയിൽ ഈ ഗ്രന്ഥം പരിശോധിച്ചു വിദഗ്ദ്ധവും സമർത്ഥവുമായ നിർദ്ദേശങ്ങൾ നല്കിയ എൻെറ അഭിവന്ദ്യഗുരുനാഥൻ പണ്ഡിതശിരോമണി കെ. കുഞ്ഞുപിള്ളപ്പണിക്കരവർകളോട് എനിക്കുള്ള അത്യഗാധമായ കടപ്പാട് ഞാനീയവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

വിശാലമനസ്കനും വിദ്യാവൃദ്ധനുമായ ശ്രീ പുത്തേഴം കാര്യമാത്രപ്രസക്തമായ ഒരവതാരികകൊണ്ട് ഇക്കൊച്ചുപുസ്തകത്തെ സഹർഷം അനുഗ്രഹിച്ചിരിക്കുകയാണ്. കവിതയുടെ ഉള്ളടക്കം നോക്കിക്കാണുന്നതിൽ മർമ്മജ്ഞനായ അവതാരികാകാരൻെറ സൂക്ഷ്മദൃഷ്ടി, നിരൂപണബുദ്ധിയോടെ, സ്നേഹവാത്സല്യങ്ങളോടെ പ്രവർത്തിച്ചിട്ടുമുണ്ട്. അത്രയുംകൊണ്ടുതന്നെ ഞാനും എൻെറ സാഹിതീശ്രമവും കൃതകൃത്യമായിരിക്കുന്നു. ആ ധന്യാത്മാവിന് എൻെറ കൃതജ്ഞതാസമ്പന്നമായ കൂപ്പുകൈ!!

ഈ കാവ്യശില്പത്തിൻെറ അണിഞ്ഞൊരുങ്ങലിൽ സുപ്രധാനപങ്കുവഹിച്ച്, പുറംചട്ട, കലാകൗശലത്തിൻെറ കമനീയതകൊണ്ടു മോടിപിടിപ്പിച്ച ആർട്ടിസ്റ്റ് വി. എം. ബാലനും, ആസ്വാദനപരമായ ഒരഭിപ്രായംകൊണ്ട് ഈ ലഘുകാവ്യത്തെ അലങ്കരിച്ച ശ്രീ വെണ്ണി അവർകൾക്കും, ഇതു ഭംഗിയായി മുദ്രണംചെയ്ത "വിജ്ഞാനപോഷിണി" പ്രവർത്തകർക്കും എൻെറ ആത്മാർത്ഥമായ നന്ദിയും സ്നേഹവും പ്രദർശിപ്പിച്ചുകൊണ്ട്,

കൂപ്പുകൈയോടെ,

കുഴിത്തുറ, ക്ലാപ്പന, 14-4-1957

സഹൃദയവിധേയൻ

**രാഘവൻ.**

# അവതാരിക

ദുഃഖത്തിൽനിന്നാണ്, യഥാർത്ഥമായ കാവ്യോല്പത്തി; തപ്തബാഷ്പത്തിൽക്കൂടിയാണ്, കാവ്യരസാമൃതം കലന്നൊഴുകുന്നതു്; എന്നാണു ഭാരതീയമതം. ആദികാവ്യമായ രാമായണം, വാല്മീകിക്കുണ്ടായ ഒരു വിഷാദത്തിൻെറ അനന്തരഫലമാണ്. അതിപ്രധാനമായ ഭാഗവതം, വ്യാസഭഗവാൻെറ വ്യസനത്തിൽനിന്നു് ഉടലെടുത്തതാണ്. അങ്ങനെ നോക്കുമ്പോൾ, ഏതു നല്ലസാഹിത്യത്തിൻെറയും, കവിതയുടെ വിശേഷിച്ചും, ആദികാരണമോ, മൂലപ്രചോദനമോ, തൽകർത്താവിന്നുണ്ടായ മാനസികമായ എന്തോ ഒരു വിഷമത്തിൻെറയോ, വ്യസനത്തിൻെറയോ കൂടപ്പിറപ്പാണെന്നു കാണാവുന്നതാണ്. അതിൽ അത്ഭുതമില്ല. വികാരപരമാണ് ഏതു നല്ലകവിതയും. വികാരതീക്ഷ്ണത, പലപ്പോഴും, ഉൽക്കടങ്ങളായ വിചാരങ്ങളുടെ പിറവിക്കു കാരണവുമാണ്. ജീവിതയാഥാർത്ഥ്യങ്ങളേയും ധർമ്മാധർമ്മവിവേചനത്തേയും വിശദപ്പെടുത്തിക്കാണിക്കുന്ന ഒരു കണ്ണാടിയാകുന്നു ദുഃഖം, വിഷാദം, വ്യസനം എന്നൊക്കെ പറയുന്നതു്.

ദുഃഖകാരണം ഒരുവൻെറ ഏററവും അടുത്ത ഒരു ബന്ധുവിൻെറ അപരിഹാര്യമായ ദീനവും മരണവുമാകുമ്പോൾ, അതും ഒരുവൻെറ ആദർശവും അവലംബവുമായിരുന്ന പ്രിയപ്പെട്ട പിതാവിൻെറയാകുമ്പോൾ, ദുഃഖിതൻെറ മനസ്സിലുണ്ടാകുന്ന വിലാപരൂപത്തിലുള്ള വിചാരങ്ങളും വികാരവിജൃംഭണങ്ങളും അപ്രതിഹതങ്ങളായിരിക്കും. ആളവസ്ഥപോലെ അവ സുന്ദരങ്ങളും ചിന്താപരങ്ങളും ആയിരിക്കും. വിലാപകാവ്യങ്ങളെല്ലാംതന്നെ പ്രായേണ, വായ

നക്കാക്ക് പ്രിയതരങ്ങളാകുന്നതിന്നുള്ള കാരണവും അതാകുന്നു. വിവേചനബുദ്ധിയും, വിമശ്ശനവൈദഗ്ദ്ധ്യവും മററും താല്ക്കാലികമായിട്ടെങ്കിലും, നാം മറക്കുകയും, വിലാപകാവ്യം വായിക്കുമ്പോൾ, ആ ദുഃഖിതന്നൊപ്പം ദുഃഖിക്കുവാൻ നാം സന്നദ്ധരാകുകയും ചെയ്യുന്നു. ആ ബന്ധത്തിൽനിന്നു്, അഥവാ ബന്ധനത്തിൽനിന്നു വിമുക്തനായതിന്നു ശേഷമായിരിക്കും, നാം ബുദ്ധിപരമായി ആ ഗ്രന്ഥത്തെ സമീപിക്കുന്നതും, വിമശിക്കുന്നതും.

എൻെറ ഒരവതാരികയ്ക്കു് അയച്ചുകിട്ടിയിട്ടുള്ള "എൻെറ അച്ഛൻ" എന്ന ഈ പുസ്തകത്തെ സംബന്ധിച്ചു മേല്പറഞ്ഞ എല്ലാ സംഗതികളും ഏററക്കുറെ സമഞ്ജസമാകുന്നു. അതിൻെറ കത്താവായ ഡോക്ടർ രാഘവൻ അനുവാചകന്മാക്ക് അപരിചിതനല്ല. അദ്ദേഹത്തിൻെറ വന്ദ്യപിതാവ് പെട്ടെന്നു രോഗാതുരനാകയും, ആസ്പത്രിക്കു നീക്കപ്പെടുകയും, അവിടെക്കിടന്നു മരിക്കയും, ബന്ധുമിത്രാദികളാൽ യഥാവിധി സംസ്കരിക്കപ്പെടുകയും ചെയ്തു. അതൊക്കെ കണ്ടുകൊണ്ടും കരഞ്ഞുകൊണ്ടും കഴിച്ച കുട്ടിയായിരുന്ന രാഘവൻെറ മമ്മസ്പൃക്കുകളായ ചിന്തകളും സ്മരണകളുമാകുന്നു ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ആരുടെ കൈപിടിക്കാതെയും, ക്ലലിക്കാറിൽ കയറാതെയും രംഗപ്രവേശംചെയ്യാനുള്ള കഴിവും, അതിന്നുവേണ്ട ചികിത്സാവിധികളെക്കുറിച്ചുള്ള അറിവും ഡോക്ടർ രാഘവനുണ്ട്. എന്നിട്ടും അദ്ദേഹം എൻെറ ഒരവതാരികയ്ക്കു് ആഗ്രഹിച്ചതു്, അദ്ദേഹത്തിൻെറ വിനയത്തിൻെറ ശക്തിയാലും, എന്നെക്കുറിച്ചുള്ള അജ്ഞതയുടെ ആധിക്യത്താലുമായിരിക്കണം. വിചാരിക്കാതെ കിട്ടിയതാണു്, അനഹമെങ്കിലും അഭികാമ്യമായ ഈ അന്തസ്സ്. അതിനെ ഞാൻ സാദരം സ്വീകരിക്കുന്നു, ഏടവും വലവും നോക്കാതെതന്നെ.

കവിത നന്നായിട്ടുണ്ടോ എന്നു നോക്കുമ്പോൾ കവി നന്നോ എന്നു തിരക്കുന്നതും, കാവ്യവിഷയം നന്നോ എന്നു നോക്കുന്നതുംകൂടി ആവശ്യമാണെന്നാണു് എന്റെ വിനീതാഭിപ്രായം. കവി നല്ലവനല്ലെങ്കിൽ, അവന്റെ എത്ര നല്ല കവിതയുടെയും അവന്റെ ആ നന്മയില്ലായ്മ, പാല്പായസത്തിലെ ഉപ്പുപോലെ അതിന്റെ സ്വാദു് കുറയ്ക്കാതിരിക്കയില്ല. കവിയും നന്നു് കവിതയും നന്നെങ്കിലും, കാവ്യവിഷയം ദുരാചാരപരമോ, അധൎമ്മപ്രസക്തമോ, മലീമസമോ ആയിപ്പോയാൽ പെണ്ണു നന്നെങ്കിലും "കണ്ണില്ലാത്തവളായിപ്പോയി" എന്നതരത്തിലുള്ള ഒരു വിപ്രതിപത്തി ആസ്വാദ്യതയുടെ കാൎയ്യത്തിൽ സംഭവിക്കുന്നതാണു്. നേരേമറിച്ചു്, കവിയും നല്ലവൻ, കാവ്യവിഷയവും വളരെ നല്ലതു് എന്നു വരുമ്പോൾ, കവിതയുടെ നന്മയിൽ കണ്ടേക്കാവുന്ന വീഴ്ചതാഴ്ചകൾ അപലപനീയങ്ങളായിരിക്കണമെന്നില്ല. വായനക്കാരന്റെ അനുഭാവാദികളെ അതു് ആകൎഷിക്കുകയും ചെയ്യും.

ഡോക്ടർ രാഘവന്റെ ഈ ചെറിയ വിലാപകാവ്യം അത്യുത്തമമെന്നോ അത്യന്തസുന്ദരമെന്നോ ഒന്നും ഞാൻ വെറുതെ പറഞ്ഞു്, ദുരാഗാവസ്ഥ കാണാൻ കണ്ണുള്ള ഡോക്ടരുടെയോ, സ്വാഭിപ്രായപ്രവണതയുള്ള വായനക്കാരുടെയോ അവഹേളനത്തിന്നു വിഷയമാകുവാൻ വിചാരിക്കുന്നില്ല. എന്നാൽ ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ള എന്റെ ചില അഭിപ്രായങ്ങളെ സാധൂകരിക്കാനും ഉറപ്പിക്കാനും മതിയായിട്ടുള്ളതാണു് പ്രസ്തുത ലഘുകാവ്യം.

ഡോക്ടർ രാഘവൻ നല്ലൊരു സഹൃദയനും കാവ്യമൎമ്മജ്ഞനും ചിത്രീകരണസാമൎത്ഥ്യമുള്ള ആളും ആണെന്ന

തിന്നു് താഴെച്ചേക്കുന്ന വരികൾ നല്ല തെളിവാണെന്നു കരുതുന്നു.

"പ്രാക്കൾപോൽ വിശുദ്ധകൾ, സേവനം വ്രതമായി
നോല്ക്കുവോർ, സുസ്നേഹത്തിൻതെളിനീർ പകരുവോർ
നിഷ്കാമകർമ്മത്തിൻെറ മാതൃകാത്തിടമ്പുകൾ,
"സിസ്റ്റർമാർ" അവരാണു രോഗികൾക്കാലംബങ്ങൾ"

അങ്ങനെ പലതുമുണ്ടീ കൊച്ചുകാവ്യത്തിൽ. നല്ലനല്ല തത്വചിന്തകൾക്കും കുറവൊന്നുമില്ല. ഉദാഹരണത്തിന്നിതു പോരേ?

"പകലും രാവുംപോലെ ജനനമരണങ്ങൾ
പതിവായ് വന്നുംപോയുമിരിക്കുമാകല്പകം"

പുസ്തകത്തിനെക്കാൾ നീണ്ട ഒരവതാരികകൊണ്ടോ, പുസ്തകത്തിനെ സ്പൃശിക്കാത്ത സ്വാഭിപ്രായപ്രകടനങ്ങൾ കൊണ്ടോ, അവതാരികയേ ആവശ്യമില്ലാത്ത ഈ പുസ്തകത്തിൻെറ മുമ്പിൽനിന്നു് ആർപ്പുവിളിക്കാനോ, "ഹിപ് ഹിപ് ഹുറേയ്" പറയാനോ മിനക്കെടാതെ ഡോക്ടർ രാഘവൻെറ വന്ദ്യപിതാവിൻെറ പാവനാത്മാവിന്നു നിത്യശാന്തിയേയും ഡോക്ടരുടെ കാവ്യകിശോരന്നു് ആയുരാരോഗ്യത്തേയും ആശംസിച്ചുകൊണ്ടു മാറിനിന്നു മഹാജനങ്ങളോടു നമസ്തേപറയുന്നതായിരിക്കും ഉചിതമായിരിക്കുക എന്നു് ഞാൻ വിശ്വസിക്കയും അപ്രകാരം അതു രണ്ടും വിനയാദരസ്നേഹപുരസ്സരം ചെയ്തുകൊണ്ടു് ഈ കൊച്ചുകാവ്യത്തെ സഹൃദയസമക്ഷം അവതരിപ്പിക്കയും ചെയ്തുകൊള്ളുന്നു.

ലക്ഷ്മീനിലയം,
നായ്ക്കനാൽ—തൃശ്ശൂർ,
3–6–'56

എന്നു്,
**പുത്തേഴത്തു രാമമേനോൻ**

# അഭിപ്രായം

സാഹിത്യത്തിന്ന് മൂന്നു ലോകങ്ങളുണ്ട്. പ്രകൃതിദൃശ്യങ്ങളുടെ അനുഭൂതിയുൾപ്പെടെ ജീവിതത്തിലെ ദൈനികസംഭവങ്ങളാൽ സങ്കീർണ്ണമാണ് ഒന്നാമത്തെ ലോകം. വസ്തുസ്ഥിതിമാത്രമായ ഈ ലോകത്തിൻെറ നാലതിരുകൾക്കുള്ളിൽ കുടുങ്ങിക്കഴിയാൻ വ്രതമെടുത്ത സാഹിത്യകാരനാണ് റിയലിസ്റ്റ്. ബാഹ്യലോകഫലങ്ങളായ സുഖദുഃഖാദിവികാരങ്ങളുടെ പ്രതികരണമാകുന്നു രണ്ടാമത്തെ ലോകം. അന്തർമ്മുഖത്വമാകുന്നു അവിടെ പ്രവേശിക്കാനുള്ള അനുമതിപത്രം. ആ മേഖലയിലേയ്ക്കുയരുന്ന സാഹിത്യകാരനെ ഇൻെറലെക്ച്വലിസ്റ്റ് എന്നു പറയാം. ബുദ്ധിപരമായ നിരീക്ഷണമാണവിടെ. അപഗ്രഥനങ്ങളും വിശകലനങ്ങളുംകൊണ്ടു വികാരങ്ങളുടെ ബൃഹൽക്കരണമാണവിടെ അനുഭവപ്പെടുക. മനസ്സിൻെറ ഫിലിമിൽപതിഞ്ഞ ജീവിതച്ഛായയുടെ തന്മയമുദ്രണത്തിനു മുമ്പുള്ള ഇരുട്ടുമുറി (Dark room) യിലെ തീവ്രസാധനയാണത്. അതിൻെറ പരകോടിയിൽ പ്രകാശത്തിൻെറ കവാടം തുറക്കുന്നു. ജീവിതത്തിൻെറ—ലോകത്തിൻെറ—പരമസത്യത്തെപ്പററിയുള്ള പ്രബോധമാണ് ആ മൂന്നാമത്തെ ലോകം. അത്രത്തോളമെത്തുമ്പോളാണ് പശ്യന്തി എന്ന താന്ത്രികനിർവചനം വാക്കിനു സാർത്ഥമാകുന്നത്. സാഹിത്യകാരൻ ഋഷി അഥവാ 'കവി' ആയിത്തീരുന്ന സന്ദർഭവും ഇതുതന്നെ.

പരാമൃഷ്ടമായ മൂന്നു ലോകങ്ങളും ഉൾക്കൊള്ളുന്ന ഒരു സാഹിത്യരൂപമത്രേ വിലാപകവിത. അതിൻെറ വൈശിഷ്ട്യത്തിനു കാരണവും മറെറാന്നല്ല. ഏറെ പ്രിയപ്പെട്ട, അല്ലെങ്കിൽ ഏററവും ബഹുമാനപ്പെട്ട, ഒരു വ്യക്തിയുടെ നിര്യാണത്തിൽ കവി ദുസ്സഹമായ ദുഃഖാധിക്യവും

ജീവിതത്തിൻെറ അരക്ഷിതാവസ്ഥയോർത്ത് അഗാധമായ നൈരാശ്യവും മരണം അനിവാര്യമാണെന്ന തത്വബോധത്തിലൂടെ നിർവേദവും പടിപ്പടിയായി പ്രാപിക്കുന്ന ആത്മശുദ്ധീകരണത്തിൻെറ പ്രകരണം ഇമ്മാതിരി കവിതയിൽ വായനക്കാക്ക് അനുഭൂതമാകുന്നു. വികാരമഥനാത്മകമായ ഈ ആത്മശുദ്ധീകരണവും ട്രാജഡിയുടെ അന്തസ്സത്തയായി അരിസ്റ്റോട്ടിൽ വിവക്ഷിക്കുന്ന കഥാർസിസ്സും (Katharsis) വിഭിന്നമല്ല.

'എൻെറ അച്ഛൻ' അനുവാചകനു സുസമ്മതമാകാൻ അഹ്തയുള്ള ഒരു രചനയാണെന്ന് മേൽപറഞ്ഞ കാവ്യസത്യങ്ങളുടെ വെളിച്ചത്തിൽ എനിക്കു തോന്നി.

എൻപിതാ കിടപ്പാണു കഴ്ത്തിൽ രോഗത്തിൻെറ
വൻപിടുത്തത്താൽ വയ്യാതായി നാവനക്കാനും

എന്ന ഉപോൽഘാതത്തിൽ അച്ഛൻെറ രുഗ്ണാവസ്ഥയും ആസന്നമരണത്വവും കവി വെളിപ്പെടുത്തുമ്പോൾ ഒരുററ ബന്ധുവിനെപ്പോലെ ആ രംഗത്തേയ്ക്കു സ്വയമേവ ആനീതനാകുന്ന വായനക്കാരൻ

കട്ടക്കം രുജക്കോളിൻ വേദനക്കൈയേററത്താൽ
കിടക്കാനിരിക്കാനും കേവലം കഴിയാതായ്
ഛായുമൊന്നെഴുന്നേല്ക്കു,മുടനേ നടക്കുവാ-
നായു,മാകരുതാഞ്ഞു തലയിൽ കൈകൾവെയ്ക്കും
കട്ടിയായ് നാവും കണ്ഠനാളവുമൊപ്പം നീരു
കെട്ടിവീക്കയാൽ വിങ്ങും തുപ്പലിന്നൊഴുക്കുമായ്

അത്യന്താ നിസ്സഹായസ്ഥിതിയിൽ പെട്ടിരിക്കുന്ന രോഗിയുടെ നികടത്തിൽ പരിവിഹ്വലനായിത്തീരുന്നു. രോഗിയുടെ പ്രാണരക്ഷയ്ക്കായി ആശുപത്രിയിൽ പാടുകിടന്ന അമ്മ ആത്മാവിൻെറ ഉപരിതലത്തിൽ പ്രത്യാശയും

അഗാധതയിൽ ഭയാവേശവുമായിക്കഴിയുന്ന മകൻെറ അടുക്കൽ കായലിലൂടെ അയയ്ക്കുന്ന സന്ദേശം അനുവാചകഹൃത്തിൽ ആകെപ്പുരികേല്പിക്കാൻ പര്യാപ്തമായിട്ടുണ്ട്.

മകനേയുറങ്ങുന്നോ; അച്ഛനെക്കാണേണ്ടയോ
സുഖമായ് തിരിച്ചിതാവരുന്നു നിന്നെക്കാണ്മാൻ
ദുർദ്ദൈവം ചതിച്ചല്ലോ നമ്മെ,യിപ്പിച്ചച്ചട്ടി
നിർദ്ദയമുടച്ചിനിയാരുമേൽ തുണ കുഞ്ഞേ?

അങ്ങനെ ജീവിതത്തിൻെറ അരക്ഷിതാവസ്ഥയ്ക്ക് ഒരു നിദർശനംകൂടിയെന്നോണം തുറക്കപ്പെടുന്ന ആ രംഗം കരുണാനിർഭരമായിച്ചമയുന്നു. കവി സ്വന്തദുഃഖം വിവരിക്കാൻ വളരെ പരിമിതമായ വാക്കുകളേ ഉപയോഗിക്കുന്നുള്ളു. എങ്കിലും വികാരത്തിൻെറ ആധിക്യം കുറിയ്ക്കുവാനും പകരുവാനും കരുത്തുററ വാക്കുകളാണവ.

വെട്ടുന്ന കോടാലിയാൽ വിറകങ്ങതെൻെറ മാർ–
ത്തട്ടിലാഞ്ഞാഞ്ഞു തറയ്ക്കുന്നതായ് തോന്നിപ്പോയി,
വേദനാചക്രത്തിൻെറ നോവുന്ന മുള്ളാണികൾ
ചേതസ്സിൽ തറയ്ക്കുമാറെൻചിന്ത കറങ്ങവേ
അച്ഛനച്ഛനെന്നേറെ വിളിച്ചു ദുഃഖത്തിൻെറ
മൂർച്ഛയിൽ കണ്ണീരാററിൽ കുളിച്ചുകുളിച്ചു ഞാൻ

"മിതം ച സാരം ച വചോ ഹി വാഗ്മിതാ" എന്നു ശരിയായിത്തന്നെ കവി മനസ്സിലാക്കി. പ്രശംസനീയമായ വാസ്തവികത, കൃത്രിമസങ്കല്പങ്ങളുടെ നിരാകരണം, അനാവശ്യമായ വലിച്ചുനീട്ടലിൻെറ അഭാവം ഇവ ശോകത്തിൻെറ ആത്മാർത്ഥതയെ തികച്ചും ഉദീരണംചെയ്യുന്നു. കർമ്മം ചെയ്യാൻ വേണ്ടപ്പെട്ടവരാൽ കൊണ്ടുനിർത്തപ്പെട്ടപ്പോൾ അമ്മ ഓടിവന്നു പിടിച്ച്

"എന്മകനാരുണ്ടിനിബ്ഭാഗ്യദോഷിയാം കുഞ്ഞേ!"
എന്നു വാവിട്ടുകേഴുമ്പോൾ കരുണം ഉച്ചസ്ഥായിയിലെത്തുന്നു.

കടലിൽനിന്നും കര, ഇരുളിൽനിന്നും വെളിച്ചം, ക്ഷോഭത്തിൽനിന്നും പ്രശാന്തി—അതുകൊണ്ടാണു ലോകം നിലനില്ക്കുന്നതു്, ജീവിതം തുടരുന്നതു്. അദ്ധ്യാത്മചിന്ത കതിരിടുമ്പോൾ കവി ദുഃഖത്തിന്റെ വേദനാദന്തങ്ങളിൽ നിന്നും തെല്ലൊരാശ്വാസംനേടി നെടുവീർപ്പിടുന്നു.

പകലും രാവുംപോലെ ജനനമരണങ്ങൾ
പതിവായ് വന്നുംപോയുമിരിക്കുമാകല്പകം
ആകവേ ഭുവനത്തിൽ കാണുവോരൊരേവഴി
പോകുവാൻ പുറപ്പെട്ട പാന്ഥരാണിതു സത്യം
തെല്ലിട കഴിക്കേണമിവിടെയനന്തരം
ചെല്ലണം സ്വയം ചെന്നുചേരേണ്ടും ലക്ഷ്യത്തിങ്കൽ

ഈ കുറിപ്പു ദീർഘിപ്പിക്കുന്നില്ല. "എടുത്തെടുത്തിച്ഛപോൽ നുകരു"വാൻ തക്ക വാങ്മധു പകർന്നുവെച്ചിരിക്കുന്ന ഈ കവിതാചഷകം വായനക്കാരനെ ചരിതാർത്ഥനാക്കുമെന്നാണെന്റെ വിശ്വാസം.

നാഗപ്പൂരു്, 23-6-1956 (ഒപ്പു്)
വെന്നി വാസുപിള്ള

# എൻെറ അച്ഛൻ

എൻപിതാ കിടപ്പാണു,—
കഴത്തിൽ രോഗത്തിൻെറ—
വൻപിടുത്തത്താൽ വയ്യാ—
തായി നാവനക്കാനും.

വരച്ചുമെഴുതിയു—
മാംഗ്യവുംകൊണ്ടല്ലാതു—
ച്ചരിക്കാനൊരുവാക്കു—
മേതുമേ കഴിഞ്ഞീല.

ഖിന്നനാം ഞാനോ പയ്യൻ,–
വൈദ്യനെത്തിരഞ്ഞുപോയ്
വന്നയാൾനിർദ്ദേശിച്ച–
മരുന്നും, കഷായവും,

ഒന്നിടാതെല്ലാം കൊടു–
ത്തെങ്കിലുമകത്തൊട്ടും–
ചെന്നതില്ലിറക്കുവാൻ–
വയ്യാഞ്ഞു വലഞ്ഞച്ഛൻ.

കടുക്കും രുജകൊള്ളിൻ–
വേദനക്കൈയേററത്താൽ
കിടക്കാനിരിക്കാനും
കേവലം കഴിയാതായ്.

ചായുമൊന്നെഴുന്നേല്ക്കു-
മുടനേ നടക്കുവാ-
നായുമാകരുതാഞ്ഞു
തലയിൽ കൈകൾവയ്ക്കും.

കട്ടിയായ് നാവും കണ്ഠ-
നാളവുമൊപ്പം നീരു-
കെട്ടിവീക്കയാൽ വിങ്ങും-
തുപ്പലിന്നൊഴുക്കുമായ്

ചൊല്ലുന്നു നന്നായ് മുഖ-
സ്തോഭങ്ങ,ളകതല-
തല്ലുന്നു വികാരങ്ങ-
ളായിരക്കണെക്കന്നായ്.

മക്കളെ മാറിമാറി-
നോക്കിക്കൺനിറഞ്ഞു, കൈ-
പൊക്കിയും മലത്തിയു-
മാശയററതുപോലെ

പൊള്ളുന്ന ഭാവങ്ങ,ള-
മ്മുഖത്തുവരച്ചേറെ-
ത്തള്ളുന്ന നാനാവർണ്ണ-
ചിത്രങ്ങൾ കൂടക്കൂടെ.

പാവനവികാരങ്ങ-
ളെണ്ണമില്ലാതേ ചിത്തം
നോവിച്ചുമല്ലാതെയു-
മെത്രപാഞ്ഞിരിക്കില്ല.

*  *  *  *

മിത്രങ്ങൾ മററുള്ളോരും

കേട്ടറിഞ്ഞെത്തി,യാശ്രു-

പത്രിയിലുടൻതന്നെ-

യാക്കിയെൻപിതാവിനെ.

*　　*　　*　　*

കളിയും പഠിപ്പുമാ-

ണന്നെന്നി,ക്കിപ്പാരിൻെറ-

വെളികണ്ടൊരു ശീലം

വന്നീല കിനാവിലും.

ചിറകുമുളച്ചല്പം,

പറക്കാനായില്ല,യീ-

ച്ചെറിയകിളിക്കുഞ്ഞി-

നെന്തൊന്നു ചെയ്യാനാവും?

* മൂത്തസോദരൻ—എൻെറ
മൂത്തമ്മമകൻ—ക്രൂറിൻ—
ക്രൂത്തരങ്ങലിവ്വററ
സോദരൻ പ്രിയഗ്ഗുരു;

വന്നുചൊന്നാശ്വാസങ്ങൾ:—
"പണവുംകൊണ്ടെത്തണം
വന്നിട്ടുമത്ഛൻ രണ്ടു—
മൂന്നുനാളുകൾക്കുള്ളിൽ.

ഏറ്റുമേ പേടിക്കവാ
നില്ലിനി,സ്സുഖക്കേടു—
ഭേദമുണ്ടല്ലോ, ദൈവം—
കാത്തു നമ്മളെയെല്ലാം."

---

* ഡോക്ടർ കെ. വാസുപ്പണിക്കർ L. M. S. H. വണ്ടാരത്തുരുത്ത്.

രോഗനിർണ്ണയംചെയ്യാൻ

ഡോക്ടർമാർതമ്മിൽക്കൂടി-

യോഗമംവഴിക്കുപോ-

യാരാഞ്ഞുനോക്കി സ്വയം

സന്ദേഹമോരോന്നോരോ-

ന്നുന്നയിക്കവേ, യച്ഛൻ

ചൊന്നിതു നിസ്സന്ദേഹം:—

'കുരുപ്പാ'ണകത്തെന്നായ്.

വാക്കതിലവർക്കുണ്ടാ-

യദ്ഭുതം, പരസ്പരം-

നോക്കിനിന്നീർഷ്യപ്പെട്ടു-

നാടന്നാച്ചികിത്സകർ.

വമ്പിച്ച പണക്കുന്നിൽ-
നിന്നുറവെട്ടുക്കുന്ന-
സമ്പത്തിന്നൊഴുക്കുകൾ
ചാലിട്ടുകുതിച്ചുപോയ്,

എത്രണം കണക്കില്ലാ-
തേതുനേരവും,മാത്ര-
പത്രിയാമാഴിക്കെട്ടി-
ലെങ്കിലേ തരമാവൂ;

ആതുരസമൂഹത്തി-
ന്നാവതും ക്ഷണം സൗഖ്യ-
പോതമേറാനുമങ്ങു
സൈ്വരമായ്ക്കഴിയാനും

മാറു;മല്ലെന്നുകണ്ടാ–

ലവിടം, മനുഷ്യർക്ക–

നീറുന്ന നരകത്തീ–

ച്ചൂളയായപ്പോഠംതന്നെ.

പ്രാക്കരംപോൽ വിശുദ്ധകരം,

സേവനം വ്രതമായി

നോല്ക്കുവോർ, സുസ്നേഹത്തിൻ

തെളിനീർ പകരുവോർ,

നിഷ്കാമകർമ്മത്തിൻെറ

മാതൃകാത്തിടമ്പുകരം

'സിസ്റ്റർ'മാ—രവരാണു

രോഗികരംക്കാലംബങ്ങരം

* * *

"അച്ഛനെക്കാണാൻ നാളെ-
ppോകണമാസ്പത്രിയിൽ"
ഇച്ഛയൊന്നിതുംകൊണ്ടു-
റങ്ങാൻ കിടന്നു ഞാൻ.

മുററിയ രാവാം കരി-
ങ്കോഴിതൻചിറകടി-
പററിയീബ്രഹ്മാണ്ഡങ്ങൾ
മയക്കംപിടിക്കാറായ്.

കുട്ടികളുറങ്ങുവാൻ കിടന്നു
ഞാനും, നേര-
മൊട്ടുപോകിലും നിദ്ര
വന്നീല നികടത്തിൽ.

* * *

കണ്ണുപൂട്ടിയെന്നാലു-
മൽപബോധത്തിൻ കൊച്ചു-
കണ്ണുകൾ തുറന്നേതോ
തിരഞ്ഞുനടക്കവേ;

നീട്ടിയങ്ങനെ വഞ്ചി-
യൂന്നുവോരിളക്കുന്ന-
പാട്ടിൻെറ മുഴക്കങ്ങൾ;
ബോട്ടിലെബ്ബഹളങ്ങൾ;

കായുമെന്നകത്തടം
തകരുംപടി പൊന്തി-
ക്കായലിൻകരയ്ക്കു വ-
ന്നലയ്ക്കും കല്ലോലങ്ങൾ;

ക്രൂട്ടമായിവയൊന്നി-
ച്ചെന്നുടെയുറക്കത്തെ
വേട്ടയാടുവാൻപോലെ
നിന്നാർത്തുവിളിക്കയായ്.

പട്ടിയും, മാർജ്ജാരവും,
മൂങ്ങയും ഭയമേറും-
മട്ടിലാവിളിയ്ക്കൊച്ച-
ക്കൂട്ടിനിന്നാവുംവണ്ണം.

തൊട്ടുണർത്തുവാനെന്നെ-
യാരവമടുത്തെത്തി
ഞെട്ടിഞാനുണർന്നു വൻ-
ഭീതിയാൽ വിറച്ചുപോയ്.

ഉറക്കം തലോടുവാൻ

താമസിക്കയാൽ, കടൽ–

തിരമൈക്ക കരയാകും

മെത്തയിലടിച്ചാർത്തും

തിരിഞ്ഞും മറിഞ്ഞുംതാൻ

കിടന്നുമറിയുന്ന

മറിച്ചൽ മൂറപോലെ

കാണായെൻകരൾക്കൊമ്പിൽ

വെമ്പി,യൊന്നെഴുന്നേല്ക്കാ–

നെങ്കിലുമരുതാഞ്ഞു

സ്തംഭനനിലപൂണ്ടു

കിടന്നാക്കിടപ്പിൽ ഞാൻ

പതിമൂന്ന്

ഛേരതൻവായിൽപെട്ട

ഭേകത്തിൻ മുറവിളി

ദൂരയങ്ങെങ്ങോ ദീന-

ദീനമായ് കേൾക്കായപ്പോൾ

നീളെക്കാരിരുമ്പാണി

കരളിൽ തറയ്ക്കുന്ന-

കാളരാത്രിയാണിന്നും

രാവത്തു നിനയ്ക്കുമ്പോൾ

*　　*　　*

"മകനേ,യുറങ്ങുന്നോ;

അച്ഛനെക്കാണേണ്ടയോ?

സുഖമായ് തിരിച്ചിതാ-

വരുന്നു നിന്നെക്കാണ്മാൻ

ർദ്ദൈവം ചതിച്ചല്ലോ

നമ്മെ,യീപ്പിച്ചച്ചട്ടി–

നിർദ്ദയമുടച്ചിനി–

യാരു മേൽ തുണ കുഞ്ഞേ?"

രാത്രിയിലക്കായലിൻ–

മാത്തട്ടിൽനിന്നെത്തിയോ–

രാത്തരോദനമെൻെറ

കാതിലും കരളിലും

തീക്കനൽ ചൊരികയായ്;

രാവിൻെറയുറക്കത്തിൽ

പേക്കിനാവായിത്തീന്നാ–

ശോകാർദ്രദീനാരവം

ദൂരെച്ചെന്നലച്ചല-

ച്ചാരവം വന്നെത്തിയെൻ-

ക്രൂരതൻമുററത്തിലാ-

യിടിയും വിളിയുമായ്.

ദുഃഖത്താൽ കരൾപൊട്ടി-

ത്തകന്ന ബന്ധുക്കളും,

ദുഃഖവാരിധിക്കുള്ളിൽ

വീണുള്ളൊരീഞങ്ങളും,

സ്നേഹത്താലലിവാന്നോ-

രയല്ക്കാർ; ദേശക്കാരും

മോഹത്തിലാണ്ടുള്ളോരു

മാനവസമുദ്രമായ്;

എന്നുററം കരകവി-
ഞ്ഞെന്നാലും കുതിച്ചൊഞ്ഞൂ-
വന്നീടും മനുഷ്യർതൻ-
നീർച്ചാലു നിലച്ചീല.

എന്തിന്നുപറയുന്നാ-
ക്കാളരാത്രിയെപ്പിന്നോ-
ട്ടുന്തിനീക്കിയുംകൊണ്ടു
തുടുക്കുംമുഖവുമായ്,

പുലരിപ്പെണ്ണാൾ,മഞ്ഞു-
നീർക്കണം നീളെപ്പെയ്തീ-
യുലകിൻപുരോഭുവി-
ലെത്തിനിന്നവശയായ്.

പതിനേഴ്

അച്ഛൻെറ മെയ്പഞ്ജരം—
തന്നിലായ്പ്പുളിച്ചോരു
കൊച്ചുപൈങ്കിളിയെങ്ങോ—
യിപ്പുപോൽ പറന്നുപോയ്

അച്ഛുണ്ടു ചലിക്കില്ല;
മക്കളെക്കനിഞ്ഞുമ്മ—
വച്ച വാത്സല്യത്തിൻെറ—
തേൻപുഴയൊഴുക്കില്ല.

ദീർഘമാമക്കൈകളാൽ
സ്നേഹസൗരഭംവീശി
തീച്ചയായിനിപ്പൂക്കി—
ക്കോരംമയിർ പുതയ്ക്കില്ല.

വൈവിധ്യാഭിലാഷങ്ങൾ
മക്കളിൽക്കൂടിച്ചിരം
പൂവിട്ടുകാണാനച്ഛൻ
കൊതിപൂണ്ടിരിക്കില്ല?

പ്രശസ്തിപ്പൂമേടയിൽ
പുത്രപൗത്രന്മാരൊത്തു
കുശലംചൊല്ലിക്കേൾക്കാ—
നവരൊത്താനന്ദിക്കാൻ

* * * *

ഉല്ലാസാഹ്ലാദത്തിന്റെ
പൂത്തിരിയെരിഞ്ഞെരി—
ഞ്ഞുൾക്കളം കുതിച്ചീല—
യെത്രയെൻപിതാവിങ്കൽ?

ശ്ലാഘ്യവാനച്ഛൻ ജീവി–
ച്ചെങ്കിലിന്നോളം; ഞങ്ങൾ
ഭാഗ്യത്തിൻപരിവേഷം
ചൂടിയിട്ടിരുന്നേനെ.

ആരുണ്ടു താലോലിക്കാൻ
ഞങ്ങളെ?—ആ സ്വൎഗ്ഗീയ–
മാരോമൽസ്സുഖം മേലി–
ലോത്തിരിക്കുകമാത്രം!

*     *     *     *

ഉടനേയാരുക്കമൊ–
യമ്മൃതശരീരത്തെ–
ച്ചുടലക്കളംതന്നിൽ
കൊണ്ടുപോകുവാനായി.

പട്ടട, വീട്ടിൻതെക്കേ—
വശത്തുണ്ടാക്കാൻ വേണ്ട—
വട്ടങ്ങളോരോന്നോരോ—
ന്നൊരുക്കി മുറപോലെ.

വെട്ടുന്നകോടാലിയാൽ
വിറകങ്ങതെൻെറ മാർ—
ത്തട്ടിലാഞ്ഞാഞ്ഞുതറ—
യ്ക്കുന്നതായ്ത്തോന്നിപ്പോയി.

വേദനാചക്രത്തിൻെറ
നോവുന്ന മുള്ളാണികൾ
ചേതസിൽ തറയ്ക്കുമാ—
റെൻചിന്ത കറങ്ങുന്നു.

ഇരുപത്തൊന്ന്

"അച്ഛാ...നച്ഛാ...നെ"ന്നേറെ-
വിളിച്ചു ദുഃഖത്തിന്റെ
മൂർച്ഛയിൽ കണ്ണീരാററിൽ,
കുളിച്ചുകുളിച്ചു ഞാൻ,

നീക്കുപോക്കില്ലാതാധി-
ക്കടലിലുഴലുമ്പോൾ
മേൽക്കരെയ്യെത്തിക്കുവാൻ
കൈതന്നു കനിവുള്ളോർ.

കൊണ്ടുവച്ചപ്പോൾ, പിണ-
മെടുക്കാൻ മടലുകൾ-
കൊണ്ടുതീർത്തൊരു'ചട്ടം' *
വീട്ടിന്റെ മുററംതന്നിൽ;

---

* ഓല കളഞ്ഞതിനുശേഷമുള്ള മടൽകൊണ്ടു് കെട്ടുന്ന ചട്ടം: ശവം വച്ചെടുക്കാൻ ഉപയോഗിക്കുന്നതു്.

കടമപ്പെട്ടോർ കുളി-
ച്ചീറനോടവിടെത്തി
'മടലിൻ,ചട്ടത്തി'ന്മേൽ
വച്ചിതമ്മൃതദേഹം.

കോടിയിട്ടെടുക്കവാ-
നല്പടതാപംപൂണ്ടു
വാടിയമുഖത്തോടു
നില്പയായ് ശേഷക്കാരും.

നേരമായ് ദഹിപ്പിക്കാൻ,
കമ്മത്തിന്നായിട്ടതു-
നേരമെന്നെയും കൊണ്ടു
നിറുത്തീ വേണ്ടപ്പെട്ടോർ.

അമ്മയോടിവന്നെന്നെ–

ക്കെട്ടിപ്പിടിച്ചു വാവിട്ടുകേ–

"ണെന്മകനാരുണ്ടിനി?–

ബ്ഭാഗ്യദോഷിയാം കുഞ്ഞേ!

ഇഷ്ടവുമനിഷ്ടവും

കാത്തുകാത്തച്ഛനേത്തു–

കഷ്ടവും സഹിച്ചുകൊ–

ണ്ടിന്നോളം നമ്മെപ്പോററി.

ഇക്കുടുംബത്തിൻ നട്ടു–

ത്തൂണിനെത്തകർത്തല്ലോ

ഛിക്കെന്നു നാം കെട്ടിയ

മനക്കോട്ടയും ദൈവം

12839

ദുർവിധിക്കഴകനെൻ
രക്ഷിതാവിനെനോക്കി
നിർവികാരനായ്റാഞ്ചി–
ക്കുടുംബമനാഥമായ്;

തീർത്തല്ലോ, കുരുടനാം–
ദൈവ,മിന്നിവർക്കെല്ലാ–
മാർത്തിചേർത്തല്ലോ കുഞ്ഞേ!–
യാജന്മമൊഴിയാതെ.”

അക്കൊടുംദുഃഖം തിര–
തല്ലുമാരംഗംകണ്ടു
കർക്കശചിത്തന്മാരും
വാവിട്ടുകരഞ്ഞുപോയ്.

അപ്പാദപത്മാന്തികം
വീണു ഞാൻ കരംകൂപ്പി-
യപ്പദം കണ്ണീരിനാ-
ലാവോളം കഴുകിനേൻ.

അമ്മയും സഹോദര
ബന്ധുവർഗ്ഗവും വന്നി-
ട്ടമ്മട്ടിലന്ത്യമാകു-
മുപചാരവുംചെയ്താർ.

അപ്പനെക്കാണാൻ കരു-
ത്തില്ലെനിക്കൊട്ടുംതന്നെ
തപ്പമല്ലാതേയുള്ള
പേടിയും മുഴുത്തുപോയ്.

ജീവനിൽമാത്രം കൊതി
ജഡത്തിലറപ്പല്ലോ
ഭൂവിലെ വിചിത്രമാം
നിത്യസംഭവസത്യം.

വിത്തവും പ്രതാപവും
കൊതിപ്പൂ മർത്ത്യൻ, പിന്നെ-
ച്ചത്തതിൻശേഷം ജഡം
വെറുപ്പൂ ചിപ്പിക്കൊപ്പം

എങ്കിലും നോക്കിഴപ്പായ് ഞാൻ
സ്നേഹവായ്പിനാലപ്പോ-
ളെങ്കരളുറഞ്ഞുപോയ്-
യുറങ്ങുംപോലാണച്ഛൻ,

കിടപ്പതെന്നാകിലും,
ഭയസങ്കടങ്ങളാ-
ലടച്ചെൻനേത്രം സ്നേഹ-
നോട്ടങ്ങളകത്താക്കി.

മരണമതിഥിയാ-
ണെന്നാളും നമുക്കതെ-
വരുമ്പോളനുഭവം
പുത്തനാണോരോപേക്കും.

രോഗിക്കുമരോഗിക്കും,
ശക്തനുമശക്തനും,
സ്വാഗതമോതിക്കൊണ്ടു
നില്ക്കുന്നു മൃതി മുമ്പിൽ.

മറവിക്കയത്തിലീ-
വാസ്തവം മുക്കിക്കൊന്നു
നിറയുമഹന്തയോ-
ടനശ്വരം, സുഖഭോഗം;

നേടുവാൻ വെമ്പിക്കിത-
ച്ചോടുന്നു മർത്ത്യൻ നീളെ-
പ്പാടുപെട്ടീടുന്നോരെ-
ച്ചവിട്ടിമെതിച്ചുമേ.

സ്നേഹമല്ലാതെയെന്തു
ശാശ്വതസമ്പാദ്യമായ്
സ്നേഹിക്കുമീലോകത്തിൽ
സ്നേഹമേ വിജയിക്കൂ!

ഇരുപത്തിയൊൻപത്

സങ്കടംകെട്ടമപ്പോൾ
ബന്ധുക്കൾ തോഴന്മാരു—
മെങ്കരളുരുക്കീട്ടു—
മന്നശോചനംചൊല്ലി:—

"ആരെയുമാകർഷിക്കും
പുഞ്ചിരിപ്പൂതുനിലാ—
വാരിലും ദയാവായ്പു—
മാതുരനിഷേവയും,

സമർത്ഥം സാധിച്ചോരു
സാത്വികൻ പ്രിയവൈദ്യൻ
പുമർത്ഥമുടൽപൂണ്ട
പുണ്യത്തിൻ കേളീരംഗം;

ആതുരക്ലേശപ്രാസമാ–
ണൗഷധത്തിലും സ്നേഹ–
മേദുരം പരിചര്യ;
വിശുദ്ധഹൃദന്തവും;

മൃത്യുവിൻമുഖത്തുവീ–
ണുഴലുംജനങ്ങൾക്ക–
ങ്ങെത്രയോപേർക്കുരക്ഷ–
നല്കിയമ്മഹാമതി.”

*          *          *          *

വിരിനെററിയുമല്പം
കഷണ്ടിക്കൈവച്ചുള്ള
നരവൂവങ്ങിങ്ങിട്ട–
തലയും, പുരികവും,

തേജസ്സവഴിയുന്ന
നെടുതാം നേത്രങ്ങളും,
ഓജസ്സതിളങ്ങീടും
മാംസളകവിൾത്തട്ടും,

മുത്തൊളിമട്ടപ്പിക്കും
മുഗ്ദ്ധമാം ദന്തങ്ങളും,
പത്തരമാററിൻതങ്ക-
മേനിയും, രോമംതിങ്ങും;

വിരിമാറ,മാക്കട-
വയറും നീണ്ടുരുണ്ട
കരങ്ങൾ, ചന്തപ്പൊരി-
കണ്ണിയും, മുഖശ്രീയും,

ഫലിതം സദാ തൂള-
നുന്ന വാഗ്‌വിലാസവും
നലമായ് നറുമ്പാലിൻ
പുഞ്ചിരിയൊഴുക്കലും,

ആരോഗ്യമുടൽപൂണ്ടാ-
ദൃഢഗാത്രവും, ചന്തം-
ചേരുമാനടത്തവും,
കാണ്മു ഞാനിന്നും മുന്നിൽ,

ഉടുപ്പിട്ടതിൻമീതിൽ-
ക്കവണിത്തരമൊന്ന്
വെട്ടപ്പായ് കീഴ്പ്പോട്ടിട്ടു-
ഞാത്തിയും, കീശയ്ക്കുള്ളിൽ,

മുപ്പത്തിമൂന്ന്

മരുന്നിൻകുപ്പിക്കൂട്ടം—
നിറച്ചുമതിൽനിന്നു—
ചുരന്നുവീശ്ശുംഗന്ധം
ചുററിലും പരത്തിയും,

കാലുവയ്പുകൾക്കൊത്തു—
കുപ്പിതൻകിലുക്കങ്ങൾ
ചാലവേത്തുവികൊണ്ടും
പോവതെന്നച്ഛൻതന്നെ.

* * *

നീട്ടുന്നതെന്തിന്നേറെ
വിധിപോൽ ക്ഷണം ചിത—
ക്കൂട്ടിയമ്മൃതദേഹം
കിടത്തിത്തീയുംവച്ചു.

ഈറന്നമുട്ടത്തുടൻ
തലയിൽ നിറകുടം
പേറിയച്ഛിതച്ചുററി
ഞാനിട്ട കലശവും.

അന്ത്യമാമിക്കമ്മത്തെ-
യാരുമാചരിക്കണം
അന്ത്യമാമനുയാത്ര
ചുടലക്കളത്തോളം.

അന്നെൻെറപിതാവിന്നാ-
യേററിയ മഹാഭാര-
മിന്നും ഞാൻ ചുമക്കുന്നു
ഞെങ്ങിയും ഞെരങ്ങിയും

മുപ്പത്തിഅഞ്ചു്

അപ്പൂൻെറ മുൻഗാമിക-
ളെൻമുത്തുമുത്തപ്പന്മാ-
രപ്പുമായ് കൊളുത്തിയോ-
രാദീപം—അദ്ധ്യാപനം.

ആതുരസംസേവയും;-
മണയാതിന്നോളവും
ജാതമോദം ഞാൻ സൂക്ഷി-
ച്ചീടുന്നു പിതാക്കളേ!

എൻെറ പിൻമുറക്കാരിൽ
പ്രോജ്ജ്വലിക്കുവാനവ
സന്തതം ശ്രദ്ധിച്ചീടാ-
മാവതും ശ്രമിച്ചീടാം.

മുപ്പത്തിആറ്

പടരും പുകച്ചുരുൾ—

പ്പാളികളഴിച്ചിട്ടു

ജടപോൽപ്പുരത്തിക്കൊ—

ണ്ടുഗ്രനാം ഹുതാശനൻ,

നീളവേ തീനാളങ്ങൾ—

നീട്ടിയങ്ങനെ കത്തി—

ക്കാളുകയായമ്മട്ടി—

ലെന്നകക്കളത്തിലും.

മാൺപിണങ്ങിയ മാന്യ—

മായൊരപ്പിതൃദേഹം

ചാമ്പലായ്ത്തുടങ്ങുന്നേ—

ന്നാശയുമതോടൊപ്പം.

ചിന്തതൻ കാട്ടുംമേട്ടും
കേറിയുമിറങ്ങിയു-
മന്തമില്ലാതെന്നിന്നു
നിശ്ചലം മരവിച്ചു.

കുടുംബബന്ധത്തിൻെറ
പൂന്തോപ്പിൽ സുഖിക്കുമ്പോഠം
അടരും മലരിൻെറ-
യഴലിൽക്കരയേണം.

ലോകബന്ധത്തിൻകുരു-
ക്കൊന്നിലും വീഴാതെക-
ണ്ടേകനായ്ക്കഴിവതാ-
ണേവനും സുഖമോർത്താൽ.

ലതമൊട്ടിടുമ്പോൾ നാം
ചിരിക്കുന്നതിന്നൊപ്പം
അതുവീണടിയുമ്പോൾ
കരയും കരൾകാഞ്ഞു.

കരഞ്ഞാൽ ഫലമെന്തു—
കൈവരും? ജഗത്തിതിൽ
വരുമേ വരാനുള്ള—
തേതൊരാൾ തടഞ്ഞാലും

ചത്തവൻ പിറക്കണം
പിറന്നോനതിൻവണ്ണ—
മെത്തണം മരണത്തിൻ—
മുന്നിലെന്നതു ന്യൂനം.

ഊററമാം നിയതിതൻ–
നിയമ,മിതിന്നില്ല–
മാററമെന്തിനോപ്പിന്നെ
മററൊന്നുകൊതിക്കുന്നു?

പകലും രാവും പോലെ
ജനനമരണങ്ങൾ
പതിവായ് വന്നുംപോയു–
മിരിക്കുമാകല്പകം.

ആകവേ ഭുവനത്തിൽ–
ക്കാണുവോ,രൊരേവഴി–
പോകുവാൻപുറപ്പെട്ട
പാന്ഥരാണിതു സത്യം.

തെല്ലിടകഴിക്കേണ്ണ-
മിവിടെ,യനന്തരം
ചെല്ലണം സ്വയംചെന്നു-
ചേരേണ്ടും ലക്ഷ്യത്തിങ്കൽ

മാത്രമല്ലിഹ വിശ്വ-
മൊക്കെയും വെറുംതോന്നൽ
മാത്രമാണിതിലുള്ളം
പററിയാൽ ദുഃഖംതന്നെ.

*　　　*　　　*　　　*

അച്ഛൻ—ആ മാവിൻഫലം
വേണ്ടുവോളവുംനിന്നു
നിച്ചിലും പററിക്കൂടി-
പ്പെറുക്കിവീണോരുനാൾ—

നാല്പത്തിഒന്നു്

തൊട്ടവരല്പാല്പമായ്–
പ്പിന്മാറി, ക്കഴിവേലാ–
പ്പൊട്ടപ്പൈതങ്ങൾ ഞങ്ങൾ
കഷ്ടത്തിന്നൊഴുക്കിലായ്.

പട്ടിണിക്കരിമ്പാറ–
തന്നിലും, ദാരിദ്ര്യത്തിൻ–
കെട്ടനീർച്ചുഴിയിലും,
മുട്ടിയും മുഴകിയും,

അമ്മ, യശ്ശതികേടി–
ന്നൊഴുക്കിന്നെതിരായി–
ട്ടിമ്മക്കൾതന്നെച്ചുററി–
പ്പിടിച്ചു നീന്തിക്കൊണ്ടാൾ.

തെല്ലൊരുസുഖത്തിൻെറ
പന്തലിൽകഴിഞ്ഞവ–
രല്ലലിൻമരുഭ്രുവിൽ
നിർദ്ദയം വീഴ്ത്തപ്പെട്ടു.

ആരുടെയലിവിൻെറ–
കഴിവിൻകവാടങ്ങൾ
തീരെയും തുറക്കുവാൻ,
തൻെറകുഞ്ഞുങ്ങൾക്കായി,

മുട്ടിനോക്കാതെ സ്വയം
സിദ്ധമാം സംതൃപ്തിയിൽ
പെട്ടൊരക്കുടുംബമി–
ന്നഴലിൽപിടയുന്നു.

എങ്ങിനെ മറക്കുമെ–

ന്നമ്മയെ?—ക്കിടാങ്ങളെ–

ത്തിങ്ങിനദ്ദുഃഖംതിന്നും–

പോററുമിസ്സുരഭിയെ?

തെററിൻെറ വൻകുന്നുകൾ

ഞാനെത്രയുയർത്താലും

മുററുമാവകയെല്ലാ–

മാച്ഛന്നമെന്നമ്മയും,

വാത്സല്യത്തികവാൻ

കണ്ണടച്ചെന്നാകിലും

വാരുററ വിനയാദി–

ഭൂഷണംകനിഞ്ഞേകി.

*          *          *          *

## നാല്പത്തിനാല്

അന്തരിച്ചപ്പൂൻ ആശു-
പത്രിയിൽകിടക്കുമ്പോൾ
ബന്ധുവായൊരാൾചെന്നു
കണ്ടതും ചൊല്ലാമല്ലോ.

അമ്മൃതശരീരത്തി-
ന്നരികിലഴൽപെട്ടെ-
ന്നമ്മവീണരുളുന്നി-
താശ്രയവിഹീനയായ്.

ആരുമില്ലൊരാൾ കനി-
ഞ്ഞൊരുകൈതുണയ്ക്കുവാൻ
നേരവുമെരിഞ്ഞട-
ങ്ങീടുവാൻ തുടങ്ങുന്നു.

"മാററണമുടൻ ശവ-
മല്ലെങ്കിലിപ്പോൾതന്നെ-
മാററി ഞങ്ങളിച്ചാവു-
മുറിയിലാക്കിപ്പൂട്ടും."

നിർദ്ദയം ഗജ്ജിക്കയാ-
ണിങ്ങനെയാരാച്ചന്മാർ
മര്‍ത്ത്യസത്വങ്ങളലി-
വെന്തെന്നു തിരിയാത്തോർ.

നോവുകൾ കണ്ടും കേട്ടും
മാനസം മരവിച്ചു
ജീവനെത്തൃണംപോലെ
പന്താടിക്കഴിയുവോർ

പിണത്തിൽ പരതും പണം
നക്കിയെടുക്കുവോർ
ഗുണത്തിൻ കണികയും
തീണ്ടാത്ത മൃഗപ്രായർ

വേദനിച്ചീടും പുണ്ണിൽ–
കൊള്ളിപോലാവാക്ശരം
വേഗത്തിൽ തറച്ചാകെ–
യശക്യം പിടയുന്ന,

നേരത്താണയാൾ ചെന്ന–
താദുഃഖസഹാറയിൽ
ആറുപോലാശ്വാസത്തിൻ
കുളിർനീർ പകരുവാൻ.

നാല്പത്തിഏഴ്

അദ്ദേഹം—എൻസ്യാലൻെറ ÷
കഴിവും മനസ്സുമാ–
'ണദ്ദേഹം' കാണ്മാൻഭാഗ്യം
ഞങ്ങൾക്ക കൈവന്നതും.

മാലാഖ,പോലേയൊരു–
* ക്രൈസ്തവസുഹൃത്തന്നു
മാലകററുവാൻ മനം–
വച്ചുററു സഹായിച്ചു!

സൗഹൃദം, മതത്തിൻെറ
കോട്ടയെത്തകൎത്തുന്നി–
താഹ്ലാദമുയരുന്നു;
സപാൎശ്വം സൃഷ്ടിക്കുന്നു.

---

\+ ശ്രീ കെ. വി. കൊച്ചുവപ്പു (കുഴിത്തുറ).

* ശ്രീ എം. ജോസഫ്മേസ്ത്രി, തുയ്യം, കൊല്ലം.

ജാതിയുമാചാരവു-
മഗണ്യമാക്കിസ്നേഹം
മതത്തിൽ മയങ്ങുന്ന
മർത്ത്യനെയുണർത്തുന്നു.

മാനവും കുടുംബത്തി-
ന്നന്തസ്സും സംരക്ഷിച്ചാ-
മാനവബന്ധുക്കളെ-
യെങ്ങനെമറക്കും ഞാൻ.

*          *          *          *

സ്നേഹശാഖകൾ വീശി,
വാത്സല്യത്തളിരിട്ടു
മോഹനസ്വപ്നത്തിൻെറ
പൂവുകളെങ്ങും ചാർത്തി,

മാകന്ദമലർത്തോപ്പു-
പോലെൻെറയച്ഛൻനിന്നു
രോഗത്തിൻകൊടുങ്കാററു
വീഴ്ത്തിയാതേന്മാവിനെ.

അച്ഛൻ—ആ മധുരമാം
വാങ്മധുവെടുത്തെടു-
ത്തിച്ഛപോൽ നുകരുക-
മാത്രമാണിനിയെന്നും.

ഭൂവിലെപ്പോലെന്നച്ഛ-
നാ,വിണ്ണോർപുരത്തിലും
സേവനസ്നേഹങ്ങൾതൻ-
പാൽപ്പുഴയൊഴുക്കട്ടെ!!

ശുഭം

## "മുള്ളും പൂവും"

പ്രൊഫസർ പി. വി. അപ്പു, ബി. എസ്സ്സി
(ഓണേഴ്സ്)

ഈ കവിതാസമാഹാരത്തിന്നു് മുള്ളും പൂവും എന്ന ശീൎഷകം തികച്ചും അന്വൎത്ഥമാണു്. മുള്ളിന്നു മുനയുണ്ടു്; മൂൎച്ചയുണ്ടു്; അതു ശരീരത്തിൽ തുളച്ചുകയറും; വേദനിപ്പിക്കും. പൂവു് സുഖസുന്ദരമായ ഒരു വസ്തുവാണു്. വിശ്വസൗന്ദൎയ്യസ്പന്ദനങ്ങളെ അതു വികിരണംചെയ്യുന്നു. അതിന്നു മാൎദ്ദവമുണ്ടു്; നിറപ്പകൎച്ചയുണ്ടു്; അതിൽ മധുവുണ്ടു്; അതു നമ്മെ ആനന്ദിപ്പിക്കും. ജീവിതം പരസ്പരവൈരുദ്ധ്യത്തിന്റെ സമ്മേളനമാണു്. അതു മുന്തിരിച്ചാറല്ല; കണ്ടേയ്ക്കാം ഇടയ്ക്കിടയ്ക്കു്; തിക്താനുഭവങ്ങൾ നിറഞ്ഞ ഒരു വാസ്തവികതയും അതിലുണ്ടു്. ജീവിതത്തിലെ ക്രൂരമുള്ളുകൾ കവിയെ വേദനിപ്പിച്ചു; കവി കരഞ്ഞു. ആനന്ദത്തിന്റെ പൂക്കൾപൊഴിച്ച പുഞ്ചിരി കവിയിൽ ആഹ്ലാദമുണ്ടാക്കി; കവി ചിരിച്ചു. അനുഭവങ്ങൾ കവിയുടെ ആത്മശാന്തതയിൽക്കൂടി കടന്നുപോയി; ആവേശം അനൎഗ്ഗളമായി നിൎഗ്ഗളിച്ചു. അവയുടെ പ്രശാന്തസുന്ദരമായ പ്രതിച്ഛായകളാണു് ഈ കവിതാതല്ലജങ്ങൾ. അനുഭവങ്ങളെ ആനന്ദാത്മകമായ രീതിയിൽ കവി അനുസ്മരിച്ചു. താളലയച്ചേൎച്ചയുള്ള സുന്ദരശബ്ദാൎത്ഥങ്ങളിൽക്കൂടി അവയെ ആവിഷ്കരിച്ചു; അങ്ങനെ ഈ കലാസൗധം കെട്ടിപ്പടുത്തു. തികച്ചും ഔചിത്യദീക്ഷയോടെ—ആ ഔചിത്യബോധം ശീൎഷകത്തിനും ലഭിച്ചു.

ജീവിതത്തിലെ വൈരുദ്ധ്യങ്ങളെ മനുഷ്യർ വേണ്ടത്ര മനസ്സിലാക്കുന്നില്ല; കണ്ണിന്നു നേരേ കണ്ടിട്ടുകൂടി.

"പങ്കത്തിലബ്ജം അംബുരാശിയിൽ സന്മൗക്തികം
തങ്കുന്നതൊന്നോപ്പീലീമാനവലോകം തീരെ."

മനുഷ്യരിങ്ങനെ ലക്ഷ്യമില്ലാതെ പോയാൽ മതിയോ? പോരാ, നരകയാതനകൾ അനുഭവിക്കുന്നവക്കും സുഖ കോടിയിൽ പുളച്ചുമറിയുന്നവക്കും തമ്മിൽ അനുരഞ്ജന മുണ്ടാവണം; ഉണ്ടാക്കണം. "സൗഹൃദ"മാണ് കവിയുടെ അനുരഞ്ജകൻ; പൊന്നോടും, പണത്തോടും, സൗന്ദര്യപൂര ത്തോടും, കവിക്കു വിദ്വേഷമില്ല; എന്നാൽ "കൊച്ചുമാട ങ്ങ"ളോട് കവിക്കു കൂടുതൽ മമതയുണ്ട്; അനുകമ്പയുണ്ട്.

"പൊന്നിലും പണത്തിലും സൗന്ദര്യപൂരത്തിലും
മന്നവോചിതമാകും ചാരുഭൂഷണത്തിലും
നിൻചാരുകടാക്ഷങ്ങളയയ്ക്കാൻ മടിച്ചാലും
കൊച്ചുമാടത്തിൽ തവ ഹൃദയമപ്പിച്ചീടും."

മനുഷ്യസ്നേഹിയുടെ അനുഭാവമസൃണമായ സഹകാർ കതപവും, സൗഹൃദവും തുളുമ്പിച്ചെല്ലേണ്ടതു് കൊച്ചുമാട ങ്ങളിലേയ്ക്കാണ്. കൊച്ചുമാടങ്ങൾ ഇനി അങ്ങനെ കിടന്നാൽ പോരാ. അവ ഉയരണം, അവയെ ഉയത്തണം. നവോത്ഥാനത്തിൻെറ സൗരഭ്യം അവിടെ വീശണം. സാമൂഹ്യോൽക്കഷപദ്ധതികളുടെ ചില മാററൊലികൾ ആ "കാററിൻെറ പാട്ടിൽ" നമുക്കു കേൾക്കാം.

"കളപറിക്കുവിൻ കളപറിക്കുവിൻ
കളകളമൊഴിമാരേ
പഴമയാം കള പിഴുതെറിയുവിൻ
ഉഴവുപ്രയസിമാരേ."

ഇതു തികച്ചും ആത്മഗീതിയാണ്. നാടോടിപ്പാട്ടി ൻെറ ശൈലി; അതിൻെറ സരളത, ഋജുത്വം, നൈസ ൎഗ്ഗികമായ ലാവണ്യം, നാട്ടാരുടെ ആശ, ആശയം, അഭി ലാഷം, അവജ്ഞ ഇവ ഇതിൽ തഞ്ചിനില്ക്കുന്നു.

കൊച്ചുമാടത്തിൻെറ ചുററും നെല്പാടങ്ങളുണ്ട്. ആ "പാടത്തി"ലേയ്ക്കു് ഒന്നു നോക്കൂ:—

"നോക്കൂ പറവകൾ—പ്രാവുകൾ കാക്കകൾ
ലാക്കിൽ നെല്ലുകൊറിക്കുന്നു
പട്ടിണികൊള്ളും മാനവസന്തതി
മാത്രം നിന്നു പരുങ്ങുന്നു."

വിശേഷബുദ്ധിയില്ലാത്ത പക്ഷികൾകൂടി സുഖസമൃദ്ധിയിൽ കഴിയുന്നു; മനുഷ്യൻ മാത്രം നിസ്സഹായനായി പരുങ്ങുന്നു; മനുഷ്യൻെറ വിശേഷബുദ്ധി സൃഷ്ടിച്ചുവച്ച കട്ടുംചെയ്തികൾ. "വാദ്ധക്യം" വരുന്നതോട്ടുകൂടി അവൻെറ നിസ്സഹായത പതിന്മടങ്ങു വദ്ധിക്കുന്നു.

"സന്തതസഹചാരിയായെനിക്കുണ്ടിന്നേക-
ബന്ധുവായ് തുണയ്ക്കുവാൻ'ദണ്ഡിയും'ദണ്ഡും മാത്രം"

ദണ്ഡിയേയും ദണ്ഡിനേയും ശബ്ദാത്ഥങ്ങളിൽകൂടി സമ്മേളിപ്പിക്കുന്ന അത്യന്തസുന്ദരമായ ആ ആശയസംവിധാനത്തിന്നു് കവിക്കു പ്രത്യേകം അനുമോദനം. നിസ്സ്വാത്ഥസേവനം ഒന്നുമാത്രമാണു് മനുഷ്യൻെറ ഗതികേടിന്നു് ഒരു പ്രതിവിധി. 'അലക്കുകാരി' സാമൂഹ്യവ്യവസ്ഥിതിയുടെ അടിത്തട്ടിൽ നില്ക്കുന്നു. നിസ്സ്വാത്ഥത്യാഗത്തിന്നും സേവനമനോഭാവത്തിന്നും നിദശ്നമാണവൾ.

"നിൻതനു കോടക്കാറിൻ നിറമാണെന്നാകിലും
നിൻമനം ശരല്ക്കാലചന്ദ്രികാദ്യുതിതന്നെ
ലോകത്തിന്നഴുക്കുകൾ കഴുകിക്കഴുകി നിൻ
ദേഹമോ കറുത്തുപോയ്—സേവനപ്രതിഫലം."

പ്രതിഫലം ഇതാണെങ്കിലും ത്യാഗസുന്ദരമായ സേവനം മനുഷ്യരാശിയുടെ ഉല്ക്കഷ്ത്തിന്നു് അനുപേക്ഷണീയമാണു്; അതാണു കവിയുടെ സന്ദേശം.

ഈ സമാഹാരത്തിൽ പ്രത്യേകപ്രശംസയെ അഹിക്കുന്ന മനോഹരമായ ഒരു കൊച്ചുകവിതയാണു് "പൂവ്വ

ദിക്കിലെ മീൻപിടിത്തക്കാർ." ശ്രീ സരോജിനീദേവിയുടെ "Coromandel fishermen" എന്ന വിശ്രുതകവിതയുടെ ആശയാനുവാദമുണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ വിഖ്യാതിനേടിയ ആ ഇംഗ്ലീഷുകവിതയേയും കടന്നു മുന്നോട്ടു പോകുന്നില്ലേ ഈ കൊച്ചുമലയാളകവിത എന്നു തോന്നിപ്പോകും. പശ്ചിമതീരത്തിലെ മീൻപിടിത്തക്കാരെ ഈ കവിത പുളകംകൊള്ളിക്കും; ആനന്ദത്തിൽ ആറാടിക്കും.

"നമ്മുടെ ജനനിയാം സാഗരം; മേഘം ഭ്രാതാ-
വൂർമ്മികൾ വിലപെറും സ്നേഹിതന്മാരും തോഴാ."

കൈവത്തൻെറ ജനനിയാണ് സാഗരം; അവൻെറ ഭ്രാതാവാണ് മേഘം; തിരമാലകൾ അവൻെറ കളിത്തോഴരും. അപാരമായ ഈ പ്രപഞ്ചശക്തികൾ കൈവത്തൻെറ സഹചാരികളും ആത്മസുഹൃത്തുക്കളുമാണ്. പിന്നെ അവൻെറ അഭിമാനത്തിന് അതിരുണ്ടാകുമോ?

"കേരത്തെത്തോപ്പിൻ പരിശ്ശീതളച്ഛായങ്കവും
പാരമായ്പ്പാറീടുന്ന മാമ്പൂവിൻസുഗന്ധവും
ചരമോന്മുഖമാകും ചന്ദ്രികച്ചാറിൽ മുങ്ങും
ചാരുവെണ്മണൽത്തിട്ടും, തിരതൻ തഴുകലും
തുടരെത്തിരമാലയാർത്തടിച്ചൂററമായി-
പ്പാറിടും ധൂളീപൂരച്ചുംബനത്താലോലവും,
പാലൊളിവീശും ഫേനപിണ്ഡത്തിൻത്തുന്നത്തവും
ചാലവേയത്യാനന്ദം മാനസേ വളർത്തുന്നു.
അംബുരാശിയും വാനും ഹൃദയാശ്ലേഷംചെയ്തു-
മാനീലപ്പരപ്പിലേയ്ക്കാഞ്ഞേററം തുഴക നാം."

എന്നവസാനിക്കുന്ന ആ ഭാഗം കവിയുടെ ആത്മപ്രവണതകളുടേയും, കലാപാടവത്തിൻേറയും ആഴത്തെ അളക്കുന്നു. വികാരത്തെ ഉദ്ദീപിപ്പിക്കുന്ന സങ്കല്പസൗധം; മാനസോല്ലാസമുണ്ടാക്കുന്ന ചിത്രലേഖനം; ആശയഗാംഭീര്യത്തിന്നാനുപാതികമായി ഉയൻറയൻറപൊങ്ങുന്ന ഭാഷാ

ശൈലി; യുവകവികളുടെ മുന്നണിയിൽ അദ്വിതീയമായ ഒരു സ്ഥാനം നിസ്സംശയം കൈക്കലാക്കുവാൻ കവി ചെയ്ത സംഭാവനകളാണ് ഇവ; ഈ ചിത്രലേഖനത്തിലെ സുപരിചിതമായ ചില ദൃശ്യങ്ങൾ പശ്ചിമതീരത്തിലെ മീൻപിടിത്തക്കാരൻെറ മനസ്സിൽ ഉന്മാദനിർഭരമായ മാറെറാലികളുണ്ടാക്കും.

ആരാമറാണിയായ കൊച്ചുപങ്കജത്തിൻെറ കഥ കേട്ടപ്പോൾ വേർഡ്സ്‌വത്തിൻെറ (Words worth) ദി ഡഫോഡിൽസ് (The daffodils) എന്ന കവിതയുടേയും, ആശാൻെറ വീണപൂവിൻേറയും, ആലോചനാമൃതമായ ഒരു റിവ്യൂ വായിച്ചു എന്ന പ്രതീതിയാണെനിക്കുണ്ടായതു്. സൗന്ദര്യത്തിൻെറ സമഗ്രവും സാരഗർഭവുമായ ഒരു മാനസികാപഗ്രഥനം ഇതിൽ നടത്തിയിട്ടുണ്ടു്. സൗന്ദര്യം വസ്തുപ്രതീതമല്ല; ആത്മപ്രതീതമാണ്. വസ്തുനിഷ്ഠമായ ബാഹ്യസൗന്ദര്യം ആന്തരസൗന്ദര്യത്തിൻെറ പ്രതിഭാസം മാത്രമാണ്.

“ബാഹ്യസൗന്ദര്യത്തിങ്കൽ ഭ്രമിച്ചീടരുതൊട്ടും
സ്നേഹിക്കയൊഭ്യന്തരസൗന്ദര്യപ്രഭാവത്തെ,
ആയതിൻ സാരത്തെ നീ മാനിച്ചുകൊണ്ടല്ലയോ
ആയതനേത്രേ കരിവണ്ടിനെ മാനിപ്പൂ നീ!”

സൗന്ദര്യത്തിൻെറ അധിഷ്ഠാനം പാരലൗകികവും അതീന്ദ്രിയവുമാണ്. ആദർശാത്മകത്വത്തിൻെറ അലകളിളക്കി ആനന്ദക്കുളിരുണ്ടാക്കുന്ന ഈ അതുല്യഭാവന അനന്യസാധാരണമായിട്ടുണ്ടു്.

“കാവ്യാംഗനയോടു്” പറയാനുള്ളതിനെയെല്ലാം പറഞ്ഞുതീർത്തു് കവി ഗാനം അവസാനിപ്പിക്കുന്നു.

“പശ്ചിമവിൺനെററിയിൽ കാർമേഘാളകംപാറി
കൊച്ചലച്ചുളിചേർക്കും സാഗരസ്സാരിചുററി,

താരപ്പൂചൂടീ രാവിൽ, തൂനിലാവൊളിസ്മിതം
ചാരവേ തൂവീ,യിളംകാററിനാൽ കുളിർകോരി,
കണ്മണികാവ്യാംഗനേ! നീയന്നു ചിലനേരം
എന്മണിക്കരൾവീണയെന്തിന്നു മീട്ടിപ്പോന്നു?"

കുറെ കൊല്ലങ്ങൾക്കുമുമ്പ്, ആശാൻേറയും ഉള്ളൂരിൻേറയും, വള്ളത്തോളിൻേറയും നല്ലകാലത്ത് മലയാള കാവ്യാരാമത്തിൽ പുഷ്പിച്ചുവിലസിച്ച "റൊമാൻറിക്" പ്രസ്ഥാനത്തിൻെറ അനുസ്മരണകളെ ഈ മധുരഭാവനകൾ തട്ടിയുണർത്തുന്നു. ഇന്നത്തെ ചില കവിതകൾ ഛന്ദസ്സിൽ ആവരണംചെയ്യപ്പെട്ടിട്ടുള്ള വെറുംകഥകൾ മാത്രമായി കലാശിച്ചിട്ടുണ്ട്; അവയിൽ ചിലതു നീണ്ട കഥകളാണ്. ഡോക്ടർ രാഘവനെപ്പോലെ ഭാവനാസമ്പന്നരും പ്രതിഭാശാലികളുമായ ചുരുക്കംചില യുവകവികളെങ്കിലും "റൊമാൻറിക്"പ്രസ്ഥാനത്തിൻെറ സങ്കല്പസൗധങ്ങളിലേയ്ക്ക് അനുവാചകലോകത്തെ ഉയർത്തിക്കൊണ്ടുപോകുന്നതു ചാരിതാൎത്ഥ്യജനകമാണ്. മനുഷ്യൻെറ ചിന്താശക്തിയുടെ കൂമ്പ് ഇനിയും അടഞ്ഞുപോയിട്ടില്ല; അടഞ്ഞുപോകയും ഇല്ല എന്ന വാദത്തിന്ന് ഉപോൽബലകമായി ഡോക്ടർ രാഘവൻെറ കവിതകളെ ചൂണ്ടിക്കാണിക്കാം. കാവ്യാംഗനയുടെ കാല്ക്കൽ കാഴ്ചവയ്ക്കാൻ കവിക്കെന്തുണ്ട്? അധികമൊന്നുമില്ല. സൗഹൃദം, ആത്മാൎത്ഥത, സംശുദ്ധി, വിനയം ഇവമാത്രം. ഇവയാണ് കവിയുടെ സംസ്കാരസമ്പത്ത്.

കവി അല്പംചിലതേ പറഞ്ഞുള്ളു. ശരി; ആപാദമധുരമായി, അകൃത്രിമമായി അതങ്ങു പറഞ്ഞുതീൎത്തു. പറഞ്ഞതു ശരിക്കു ഫലിച്ചു. കവി വിജയിച്ചു. എൻെറ ആത്മാൎത്ഥമായ അഭിവാദ്യം; സഹൃദയലോകം കവിയെ അഭിനന്ദിക്കും; തീൎച്ച.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA-10 Acc. No. 12839

This book should be returned on or before the date last stamped below.

MA-10 12839

റാഉലവൻ കിഴിഞ്ഞു.

ഉനെന്റ് ആശ്രവൾ.